ടി.ടി.സി. യോഗ്യതയുള്ള ജീവനക്കാരെ തസ്തിക മാറ്റം വഴി എൽ.പി.എസ്.എ./ യു.പി.എസ്.എ./ലാംഗ്വേജ് ഹിന്ദി ടീച്ചർ തസ്തികയിലേക്ക് നിയമിക്കാൻ നടപടി

90 [2980] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കാണ് ഡിപ്പാർട്ടുമെന്റ് കാട്ടയിൽ ബി. എഡിനും, ടി.ടി.സി.-ക്കും സീറ്റ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ബി.എഡിനും, ടി.ടി.സി.-ക്കും ഡിപ്പാർട്ട്മെന്റ് കാട്ടയിൽ ആകെ എത്ര സീറ്റുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ബി.എഡിനും ടി.ടി.സി.-ക്കും യോഗ്യത നേടുന്ന ജീവനക്കാരെ തസ്തിക മാറ്റം വഴി അദ്ധ്യാപകരായി നിയമിക്കാറുണ്ടോ; എങ്കിൽ ബി.എഡ്. യോഗ്യത യുള്ളവരെ നിയമിക്കുന്ന തസ്തികയും ടി.ടി.സി. യോഗ്യതയുള്ളവരെ നിയമിക്കുന്ന തസ്തികയും ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) ടി.ടി.സി. യോഗ്യതയുള്ള ജീവനക്കാരെ തസ്തിക മാറ്റം വഴി എൽ. പി. എസ്.എ./യു.പി.എസ്.എ./ലാംഗ്വേജ് ഹിന്ദി ടീച്ചർ തസ്തികയിലേക്ക് നിയമിക്കണമെന്ന് ജീവനക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ ബിരുദധാരികളും, ബി. എഡ്. യോഗ്യതയില്ലാത്തവരുമായ. പി.എസ്.സി. വഴി നിയമനം ലഭിച്ച അദ്ധ്യാപകർ, ഗവ./എയ്ഡഡ്/യു.പി. സ്കൂളുകളിൽ ജോലി ചെയ്യുന്ന ബിരുദധാരികളായ ഭാഷാദ്ധ്യാപകർ, പി.ഡി. ടീച്ചർമാർ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, ക്രാഫ്റ്റ് അദ്ധ്യാപകർ, ഗവ. സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ബിരുദധാരികളായ ക്ലാർക്കുമാർ, എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ഫുൾടൈം അനദ്ധ്യാപകർ എന്നിവർക്കാണ് ഡിപ്പാർട്ട്മെന്റ് കാട്ടാ വഴി ബി. എഡിന് സംവരണം നൽകുന്നത്. ഗവ. സ്കൂളുകളിൽ ജോലി ചെയ്യുന്നതും ട്രെയിനിംഗ് നേടിയിട്ടില്ലാത്തതുമായ പി.ഡി. ടീച്ചർമാർ, ഗവ./എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ജൂനിയർ ലാംഗ്വേജ് ടീച്ചർമാർ, ഫുൾടൈം അനദ്ധ്യാപക ജീവനക്കാർ എന്നിവർക്കാണ് ഡിപ്പാർട്ട്മെന്റ് കാട്ടാ വഴി ടി. ടി. സി.-ക്ക് സെലക്ഷൻ നൽകുന്നത്. ഗവ. ട്രയിനിംഗ് കോളേജുകളിൽ ആകെ അനുവദിച്ചിട്ടുള്ള സീറ്റിന്റെ 20% സീറ്റിലേക്കാണ് ഡിപ്പാർട്ട്മെന്റ് കാട്ടാ വഴി ബി.എഡിന് സെലക്ഷൻ നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ ഗവ./എയ്ഡഡ് ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലും ആകെ അനുവദിച്ചിട്ടുള്ള സീറ്റിന്റെ 20% സീറ്റുകളാണ് ഡിപ്പാർട്ട്മെന്റ് ക്വാട്ടാ വഴി ടി.ടി.സി-ക്കായി മാറ്റിവച്ചിട്ടുള്ളത്.

(ബി) ബി.എഡ്. യോഗ്യത നേടുന്ന വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ അതാത് വിഷയങ്ങളിൽ എച്ച്.എസ്.എ.-മാരായി പി.എസ്.സി. വഴി നിയമിക്കുന്നുണ്ട്. എന്നാൽ ടി.ടി.സി. യോഗ്യത നേടുന്ന ജീവനക്കാർക്ക് തസ്തിക മാറ്റം ഇപ്പോൾ നൽകാറില്ല.

(സി) ടി.ടി.സി. യോഗ്യതയുള്ള ജീവനക്കാരെ തസ്തിക മാറ്റം വഴി പ്രൈമറി അദ്ധ്യാപക തസ്തികയിലേക്ക് നിയമിക്കണമെന്ന ജീവനക്കാരുടെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

കോമേഴ്സ് പ്ലസ്ടു അദ്ധ്യാപകരെ നിയമിക്കാൻ നടപടി

91 [2981] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.ഒ. (എം.എസ്) 227/2004/ജി.എ.ഡിൻ തീയതി 20-7-04 ഉത്തരവ് പ്രകാരം എത്ര സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ +2 ബാച്ചുകൾ ആരംഭിച്ചിട്ടുണ്ട്; ഈ സ്കൂളുകളുടെ ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

(ബി) സയൻസ് ബാച്ചുകൾ നിലവിലുള്ള എത്ര സ്കൂളുകളിലാണ് കോമേഴ്സ് ബാച്ചുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കോമേഴ്സ് വിഷയങ്ങൾ പഠിപ്പിക്കാൻ യോഗ്യതയുള്ള അദ്ധ്യാപകർ ഇല്ലാത്തതിനാൽ കോമേഴ്സ് ബാച്ചിൽ പി.ടി.എ. 10,000 രൂപ വരെ ശമ്പളം നൽകി ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജി.ഒ. (എം.എസ്) 227/2004/ജി.എ.ഡിൻ 20-7-04, ജി.ഒ. (എം.എസ്) 256/ജി.എ.ഡിൻ 9-8-04 എന്നിവ പ്രകാരം 80 സർക്കാർ സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

തിരുവനന്തപുരം	..	8
കൊല്ലം	..	8
പത്തനംതിട്ട	..	4

LIBRARY ARCHIVES Kerala Legislative Assembly